# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5279 27.07.2015-ലെ മറുപടിക്ക്

## ഓൺ ലൈൻ രജിസ്ട്രേഷൻ ഹാർഡ് ഡിസ്ക് തകരാർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.കെ.നാരായണൻ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഓൺ ലൈൻ രജിസ്ട്രേഷൻ ഹാർഡ് ഡിസ്ക് തകരാറിലായതു കാരണം എത്ര ദിവസം രജിസ്ട്രേഷൻ മുടങ്ങി-യിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | (എ) | ഹാർഡ് ഡിസ്ക് തകരാറുമൂലം തിരുവനന്തപുരം ജില്ലയിലെ ഓൺലൈൻ സംവിധാനത്തിന് മൂന്നു ദിവസം തടസ്സം നേരിട്ടു. എന്നാൽ ഇക്കാരണത്താൽ ആധാര രജിസ്ട്രേഷന് തടസ്സമൊന്നും നേരിട്ടിട്ടില്ല. തിരുവനന്തപുരം ജില്ലയിൽ മാന്വലായി ആധാരങ്ങൾ സ്വീകരിച്ച് രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. മറ്റ് ജില്ലകളിലെ ആധാര രജിസ്ട്രേഷന് യാതൊരു തടസ്സവും നേരിട്ടിട്ടില്ല. |
| (ബി) | ഹാർഡ് ഡിസ്ക് തകരാറിലായതു കാരണം മുൻകാലങ്ങളിലുള്ള വിവരങ്ങൾ നഷ്ടപ്പെടുവാൻ സാധ്യതയുണ്ടോ ; | (ബി) | ഹാർഡ് ഡിസ്ക് തകരാർ കാരണം മുൻകാലങ്ങളിലെ വിവരങ്ങൾ നഷ്ടപ്പെടുകയില്ല. |

| | | | |
|---|---|---|---|
| (സി) | ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ? | (സി) | ഡേറ്റ സൂക്ഷിക്കുന്നത് പ്രത്യേക ബാക്കപ്പ് സംവിധാനത്തിലായതിനാൽ ഹാർഡ് ഡിസ്ക് തകരാർ മൂലം ഡേറ്റ നഷ്ടപ്പെടുകയില്ല. |

സെക്ഷൻ ഓഫീസർ